എന്നും കടലിനരികിൽ ജീവിച്ചു വളർന്നവരാണ് നമ്മൾ. കുട്ടിക്കാലത്തു കടലിൽ കളിക്കുന്നതോർമ്മയുണ്ടോ? ആദ്യമായി ഈ നീല കടലിനടിയിൽ നോക്കിയപ്പോൾ ബാരണയുടെ ജീവൻ തുടിക്കുന്ന പച്ചയും മഞ്ഞയും ചുവപ്പും നിങ്ങളെ അമ്പരപ്പിച്ചതോർമ്മയുണ്ടോ? എന്നാൽ നമ്മൾ കാണുന്നതിനും അറിയുന്നതിനും അപ്പുറം ഒരുപാട് കൗതുകകരമായ ജീവികളുണ്ട് ഈ കടലിനടിയിൽ.

പുതിയ പല അറിവുകളുടെ ഒരു ലോകത്തേക്കും ഒപ്പം നിങ്ങളുടെ കഥകൾ പങ്കുവെക്കുവാനും ആണ് ഇന്ന് ഈ പ്രദർശനം നിങ്ങളെ ക്ഷണിക്കുന്നത്.

Island Pride

ബാരണയെ ആശ്രയിച് ജീവിക്കുന്ന 800ഇൽ ഏറെ മീനുകളുടെയും അതുപോലെ മറ്റു ജീവികളുടെയും വൈവിധ്യമാർന്ന ഒരു ജൈവവലയം ആണ് നമ്മുടേത്. മാൽദീവ്സിലൂടെ ചാഗോസ് വരെ നീണ്ടു നിൽക്കുന്ന ദ്വീപുനിരയിൽ, ഏറ്റവും പ്രായമുള്ള ദ്വീപാണ് നമ്മുടെ ലക്ഷദ്വീപ്.

മത്സ്യങ്ങളും സസ്തന ജീവികളുമെല്ലാം ആഫ്രിക്ക പോലുള്ള ദൂരസ്ഥലങ്ങളിലേക്കു കടന്നുപോകാൻ ഉപയോഗിക്കുന്നതും നമ്മുടെ കടലാണ്. എന്നാൽ കൊല്ലങ്ങളായി മനുഷ്യവാസം ഉണ്ടായിട്ടും, ഈ ചെറിയ ദ്വീപിൽ മനുഷ്യരും മറ്റു ജീവികളും ഒരുപോലെ നിലനിൽക്കുന്നു എന്നതാണ് നമുക്ക് ഏറ്റവും അഭിമാനിക്കാവുന്ന ഒരു വസ്തുത.

പവിഴപ്പുറ്റിന്റെ ആകൃതിയും വളർച്ചയും

തിരകളിൽ നിന്നും കൊടുംകാറ്റുകളിൽ നിന്നും നമ്മളെ സംരക്ഷിക്കുന്ന ഈ ബാരണ, ഒരുപാട് പവിഴപ്പുറ്റുകൾ ചേർന്നുണ്ടാവുന്നതാണ്. ലക്ഷദ്വീപിൽ നൂറിൽ പരം പവിഴപുറ്റുകളുടെ വംശങ്ങളുണ്ട്. ഇതിലോരോന്നും അവയുടെ ജൈവസമൂഹത്തിൽ ഓരോ പ്രധാനപ്പെട്ട പങ്കു വഹിക്കുന്നുണ്ട്. ശാഖകളായി വളരുന്ന പവിഴപ്പുറ്റുകൾ ചെറിയ മൽസ്യങ്ങളുടെ വീടാണെങ്കിൽ, പാറ പോലെ വളരുന്നവ ചമ്മവും ശ്രാവും പോലെയുള്ള വലിയ മീനുകൾ ഇര പിടിക്കാൻ ഒളിച്ചിരിക്കുന്ന സ്ഥലങ്ങളാണ്.



CORYMBOSE CORAL
കുഞ്ഞു മീനുകൾ വളരുന്ന സ്ഥലം

MASSIVE CORAL
വലിയ മീനുകൾ ഒളിച്ചിരിക്കുന്ന സ്ഥലം

മീനുകളുടെ പങ്ക്

കടലിലെ ഓരോ ജീവിക്കും അതിന്റെ ജൈവസമൂഹത്തിൽ ഓരോ കർത്തവ്യങ്ങൾ ഉണ്ട്. ഇതിലോരോന്നിന്റേയും പങ്കു മനസിലാക്കിയാൽ മാത്രമേ നമുക്ക് അവയുടെ പരിസ്ഥിതിയെ പൂർണമായി മനസിലാക്കാൻ കഴിയു.

ഫാല പോലുള്ള മീനുകൾ പായലിനെ തിന്നുന്നത് വഴി, പുതിയ പവിഴപുറ്റുകൾക്കു വളരാനായി ഉപരിതലത്തെ വ്യത്തിയായി സൂക്ഷിക്കുന്നു. എന്നാൽ ബടലയും കരട്ടിയും പോലുള്ള വേട്ടമീനുകൾ പവിഴപുറ്റുകൾക്കു ഹാനികരമായ നക്ഷത്രമല്സ്യങ്ങളെ തിന്ന് അവയുടെ സംഖ്യാ അളവിൽ നിർത്തുന്നു.



RED SNAPPER
മത്സ്യാഹാരി

എന്റെ ആഹാരം

നട്ടെല്ലില്ലാത്തവയെ തിന്നുന്നവ

പവിഴപ്പുറ്റ് തീനി

സസ്യാഹാരി

മീനുകളുടെ ജീവിത ചക്രം

പലതരത്തിലുള്ള മീനുകൾ വളരുന്നതിനും മുട്ട ഇടുന്നതിനും വ്യത്യസ്ത സമയമാണ് എടുക്കുന്നത്. ചൂര പോലെയുള്ള ചില മീനുകൾ വളരുന്നതും മുട്ട ഇടുന്നതും വളരെ വേഗത്തിലാണ്. ചമ്മം പോലെയുള്ള മറ്റു ചില മീനുകൾ മുട്ട ഇടുന്നതിനു വളരെ കൂടതൽ സമയം എടുക്കുന്നു. നമ്മൾ മീനുകളെ പിടിക്കുന്നതിനും കഴിക്കുന്നതിനും മുൻപ് അവ മുട്ട ഇടുന്നതിനും അവരുടെ ജീവിതചക്രം തുടരുന്നതിനുമുള്ള സമയം മനസ്സിൽ കണക്കാക്കണം.

ഈ ആനിമേഷൻ കണ്ട് നമ്മളക്ക് ഉത്തരവാദിത്യത്തോടെ മീൻ പിടിക്കുകയും കഴിക്കുകയും ചെയ്യാം.



കടൽ കഥകൾ

STORIES OF THE SEA

കടലിനടിയിലെ മാന്ത്രിക ലോകത്തിലൂടെ ഒരു യാത്ര

Designed By

nature conservation foundation